അനുവദിക്കാനും ഒക്കെയുള്ള നടപടികൾ എടുത്തിട്ടുണ്ട്. എല്ലാ ജില്ലയിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഒരു എൻജിനീയറെയും, ഒരു എം.ബി.എ. ക്കാരനേയും വച്ചിട്ടുണ്ട്. സിക്ക് ഇൻഡസ്ട്രീസ് ഐഡന്റിഫൈ ചെയ്ത് റിവൈവ് ചെയ്യാൻ ബാങ്കുകളുടെ സഹായം കിട്ടാത്ത ഒരു ബുദ്ധിമുട്ട് ഉണ്ടെങ്കിലും അതിന് നടപടിയെടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. വിശ്വൻ : സർ, കെൽട്രോൺ പുനരുദ്ധാരണത്തെക്കുറിച്ചാണ് എനിക്ക് ചോദിക്കാനുള്ളത് ...

മി. സ്പീക്കർ : അത് മിനിസ്റ്റർ മറുപടി പറയട്ടെ, കെൽട്രോൺ പുനരുദ്ധാരണം.

ശ്രീമതി സുശീലാ ഗോപാലൻ : സർ, കെൽട്രോൺ എന്ന സ്ഥാപനത്തിന് 200 കോടി രൂപയുടെ കടബാദ്ധ്യതയാണ് ഉണ്ടായിരുന്നത്. അത് ബാങ്കുകളുമായി സംസാരിച്ച് 120 കോടിയെന്നുള്ള ഒരു ധാരണയുണ്ടാക്കിയിട്ടുണ്ട്. അതിൽ രണ്ടു സ്ഥാപനങ്ങൾക്കുള്ള കടബാദ്ധ്യത തീർത്തിട്ടുണ്ട്. ബാങ്കുകൾക്ക് ഏഴു കൊല്ലം കൊണ്ടാണ് ഈ പണം കൊടുത്തു തീർക്കാമെന്നു പറഞ്ഞത്, അതിൽ അവർക്ക് ചില ബുദ്ധിമുട്ട് ഉണ്ട്, അതുകൊണ്ട് വീണ്ടും സംസാരിച്ച് അതു കുറേക്കൂടി, ഒന്നോ രണ്ടോ കൊല്ലം കൊണ്ട് കൊടുത്തു തീർക്കാനുള്ള പരിപാടികൾ ആവിഷ്കരിക്കാനുള്ള നടപടിയെടുത്തിട്ടുണ്ട്. ഓരോന്നും പുനരുദ്ധരിച്ച് വരികയാണ്, അതിന്റെ പ്രവർത്തനം മെച്ചപ്പെട്ടിട്ടുണ്ട്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

4 (*124) മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിന് അനുവദിച്ച തുക

ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. കെ.എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. സി.എഫ്. തോമസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് ഫിഷറീസ് വകുപ്പു മുഖേന ഭവന നിർമ്മാണത്തിന് 1999-2000 സാമ്പത്തികവർഷം തുക അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തുതുക അനുവദിച്ചിട്ടുണ്ടെന്നും ഒരോ ജില്ലയ്ക്കും അനുവദിച്ചിട്ടുള്ള തുക എത്ര വീതമാണെന്നും വ്യക്തമാക്കുമോ;

(സി) ഇവർക്ക് അനുവദിച്ച തുക യഥാർത്ഥ ഉപഭോക്താക്കൾ അറിയാതെ ട്രഷറിയിൽനിന്നും മാറ്റിയെടുത്തതായ എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിൻമേൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇതിന് ഉത്തരവാദികളായവരുടെ പേരിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(എഫ്) 1999-2000-ൽ ഭവന നിർമ്മാണത്തിന് അപേക്ഷ നൽകിയ എത്ര മത്സ്യത്തൊഴിലാളികൾക്ക് ഇതുവരെ തുക അനുവദിച്ചിട്ടുണ്ടെന്നും ഇതിനു വേണ്ടി എന്തുതുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) മൊത്തം 19,49,90,000/-രൂപ അനുവദിച്ചിട്ടുണ്ട്.

ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	-	427.7 ലക്ഷം രൂപ
കൊല്ലം	-	244.3
ആലപ്പുഴ	-	364.65
കോട്ടയം	-	46.5
എറണാകുളം	-	203.00
തൃശ്ശൂർ	-	141.4
പാലക്കാട്	-	6.3
മലപ്പുറം	-	182.7
കോഴിക്കോട്	-	178.15
കണ്ണൂർ	-	71.35
കാസർഗോഡ്	-	65.66

(സി) ഒരു പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) വിശദമായ അന്വേഷണം നടത്താൻ ഉത്തരവായിട്ടുണ്ട്.

(ഇ) ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ, അന്വേഷണ വിധേയമായി, സർവീസിൽനിന്നും സസ്പെൻസ് ചെയ്തിട്ടുണ്ട്.

(എഫ്) 19.49 കോടി രൂപ അനുവദിക്കുകയും 5571 ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ഭവന നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതുവരെ 747.86 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

5 (*125) വട്ടോളി എസ്റ്റേറ്റിൽ വ്യാജ പട്ടയത്തിന്റെ മറവിൽ മരം വെട്ടിയ സംഭവം

ശ്രീ. ആർ. ബാലകൃഷ്ണപിള്ള :

ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ :

ശ്രീ. ബാബു ദിവാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ മാനന്തവാടി താലൂക്കിൽപ്പെട്ട വട്ടോളി എസ്റ്റേറ്റിൽ വ്യാജ പട്ടയത്തിന്റെ മറവിൽ മരം വെട്ടിയ സംഭവം സർക്കാരിന്റെ ശ്രദ്ധ

LIBRARY ARCHIVES Kerala Legislative Assembly